**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **21.11.2019 ൽ മറുപടിക്ക്**

**ചോദ്യം നം. 6629**

**കേരള തീരത്തെ മത്സ്യക്ഷാമം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യം പിടിക്കുവാൻ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും ചെറുയന്ത്രങ്ങൾ ഘടിപ്പിച്ച വള്ളങ്ങളിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കും മത്സ്യം ലഭിക്കാതെ വെറുംകയ്യോടെ മടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കേരള തീരത്ത് മത്സ്യത്തിന് ക്ഷാമം അനുഭവപ്പെടുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. മത്സ്യസമ്പത്ത് കുറയുന്നതിന്റെ പ്രധാന കാരണങ്ങൾ വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദവും ചെറുമീനുകളെ പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള അശാസ്ത്രീയ മത്സ്യബന്ധന രീതികളും വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം, അതോടൊപ്പം ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും ഒരു പരിധി വരെ മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമായിട്ടുണ്ട്. |
| (സി) | മത്സ്യം ലഭിക്കാതെ കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മത്സ്യ ലഭ്യതയിൽ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും തീരെ മത്സ്യം ലഭിക്കാതെ വരുന്ന സാഹചര്യം സംസ്ഥാനത്തുണ്ടായിട്ടില്ല. MLS (Minimum Legal size) നടപ്പിലാക്കുക വഴി സംസ്ഥാന തീരക്കടലിൽ സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് നടപ്പിലാക്കിയും, 2017 മുതൽ കെ.എം.എഫ്.ആർ ആക്ട് ഭേദഗതി ചെയ്ത് ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കിയും പുതിയ കെ.എം.എഫ്.ആർ |

| | | | |
|---|---|---|---|
| | | | റൂൾ - 2018 സെപ്തംബർ 1 മുതൽ നടപ്പിലാക്കിയും 2018-19 -ലെ സമുദ്ര മത്സ്യ ഉല്പാദനം 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തുടർച്ചയായി കാലാവസ്ഥാ മുന്നറിയിപ്പുള്ള ദിവസങ്ങളിൽ സൗജന്യ റേഷൻ അനുവദിക്കാറുണ്ട്. ഇക്കഴിഞ്ഞ 'മഹ' ചുഴലിക്കാറ്റ് ഭീഷണി മൂലം കടലിൽ മത്സ്യബന്ധനം നടത്താൻ കഴിയാതിരുന്ന മത്സ്യത്തൊഴിലാളികൾക്ക് ഓരോ കുടുംബത്തിനും 2000 രൂപ വീതം സി.എം.ഡി.ആർ.എഫ്-ൽ നിന്നും അനുവദി ച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**